# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി2/33063/2014.

ചാക്ക,തിരുവനന്തപുരം
തീയതി: 17.07.2014

**<u>വിജ്ഞാപനം</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-എസ്.സി.വി.റ്റി. ട്രേഡ് ടെസ്റ്റ് സെമസ്റ്റർ സമ്പ്രദായം സെപ്തംബർ 2014 - രണ്ടാം സെമസ്റ്റർ (റഗുലർ) - അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

****************

സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ.കളിലെ 2014 സെപ്തംബർ മാസം നടത്തുന്ന എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് രണ്ടാം സെമസ്റ്റർ (റഗുലർ) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷകൾ നിശ്ചിത ഫോറത്തിൽ ക്ഷണിക്കുന്നു.

2013 ആഗസ്റ്റ് മാസം അഡ്മിഷൻ നേടിയ ട്രെയിനികളിൽ രണ്ടാം സെമസ്റ്ററിൽ 80% ഹാജർ നേടിയ ട്രെയിനികളാണ് പരീക്ഷയിൽ അപേക്ഷിക്കേണ്ടത്. കൂടാതെ ടി ട്രെയിനികൾ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ നല്കി ഹാൾടിക്കറ്റ് ലഭിച്ചവരുമായിരിക്കണം. പോസ്റ്റ് ഐ.ടി.ഐയിൽ പഠിക്കുന്ന ട്രെയിനികൾക്കും അപേക്ഷിക്കാവുന്നതാണ്.

രണ്ടാം സെമസ്റ്റർ പൂർത്തിയാക്കിയ ട്രെയിനികൾ 100/- രൂപ "0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ 30.07.2014 നകം സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കേണ്ടതും അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട സർക്കാർ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് 30.07.2014 ന് 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയുടെ മാതൃക ഇതോടൊപ്പം ചേർക്കുന്നു. ടൈപ്പ് ചെയ്ത അപേക്ഷയാണ് ഉപയോഗിക്കേണ്ടത്. (കൈകൊണ്ട് എഴുതിയ അപേക്ഷ സ്വീകരിക്കുന്നതല്ല). ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുകയോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുകയോ ചെയ്യുവാൻ വ്യവസ്ഥയില്ല. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടിവരുന്ന ട്രെയിനികൾ 100/- രൂപ ജാമ്യ നിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിനു മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാളിനെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിനുശേഷം ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്ത പക്ഷം ജാമ്യതുക തിരികെ കൈപ്പറ്റേണ്ടതുമാണ്. പരിശീലനം പൂർത്തിയാക്കിയ ഐ.ടി.ഐ.യിലോ ആദ്യമായി ട്രേഡ് ടെസ്റ്റ് എഴുതിയ ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ.യിലോ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. യാതൊരു കാരണവശാലും പരീക്ഷാകേന്ദ്രം മാറ്റുവാനും വ്യവസ്ഥ ചെയ്തിട്ടില്ല. 20.08.2014 തീയതി വരെ 50/- രൂപ ഫൈനോടു കൂടി അപേക്ഷ സ്വീകരിക്കുന്നതാണ്. അപൂർണ്ണമായതും ചെലാന്റെ അസൽ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. 30.07.2014 വരെ ലഭിച്ച അപേക്ഷകൾ ബന്ധപ്പെട്ട ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പരിശോധിച്ച് അർഹത ഉറപ്പു വരുത്തി അപേക്ഷാഫോറം സാക്ഷ്യപ്പെടുത്തേണ്ടതും ഓരോ ട്രേഡിനും പ്രത്യേകം തയ്യാറാക്കിയ ലിസ്റ്റും (മൂന്ന് കോപ്പി)

ഓരോ ട്രെയിനിക്കും ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി ഫോട്ടോ പതിപ്പിച്ച ഹാൾ ടിക്കറ്റ് പ്രിൻസിപ്പാൾമാർ സാക്ഷ്യപ്പെടുത്തി ഈ ഓഫീസിൽ 05.08.2014ന് മുൻപായി എത്തിക്കേണ്ടതുമാണ്. ഫൈനോടു കൂടി ലഭിക്കുന്ന അപേക്ഷകൾ 27.08.2014 നകം ഡയറക്ടറേറ്റിൽ എത്തതിക്കേണ്ടതാണ്. ഓരോ അപേക്ഷയോടൊപ്പം അപേക്ഷകന്റെ എസ്.എസ്.എൽ.സി. കോപ്പി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

നിശ്ചിത തീയതി കഴിഞ്ഞ് ഫീസടച്ചിട്ടുള്ളതും നിശ്ചിത തുകയിൽ കുറഞ്ഞ തുക ഫീസായി അടച്ചിട്ടുള്ളതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഒരു ട്രെയിനിയ്ക്ക് ആദ്യത്തെ അവസരം മുതൽ തുടർച്ചയായി മൂന്ന് വർഷത്തിനുള്ളിൽ പരമാവധി ആറ് അവസരങ്ങൾ മാത്രമേ ഓരോ സെമസ്റ്ററിലും ലഭിക്കുവാൻ അർഹതയുള്ളു. ആയത് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും അപേക്ഷയിലെ വെരിഫിക്കേഷൻ/ പരിശോധന റിപ്പോർട്ട് ഒപ്പു വയ്ക്കേണ്ടതുമാണ്.

ഓരോ ട്രേഡിനും ആവശ്യമായ പ്രത്യേക ബി ഫോം തയ്യാറാക്കി ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഹാൾടിക്കറ്റ് ലഭിച്ചതിനുശേഷം റോൾ നമ്പർ, മുൻകാലങ്ങളിൽ വിജയിച്ച വിഷയങ്ങളുടെ മാർക്ക്, അതാത് വിഷയത്തിനുള്ള സെഷണൽ മാർക്ക് ഇവ ചേർത്ത് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്.

(ഒപ്പ്)
**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

ഉള്ളടക്കം : മാതൃകാ അപേക്ഷാ ഫോറം.

പകർപ്പ്:- ബന്ധപ്പെട്ട എല്ലാ ഐ.ടി.ഐ.പ്രിൻസിപ്പാൾമാർക്കും/ട്രെയിനിംഗ് ഇൻസ്പെക്ടർമാർ/ ജെ.ഡി.റ്റി. കണ്ണൂർ /എ.വി.റ്റി.എസ്. പ്രിൻസിപ്പാൾ/എ.ഡി.റ്റി./ ഡയറക്ടറുടെ സി.എ./ ടി.ടി.ഒ/ ഡി.ഡി ട്രെയിനിംഗ്)/ ഡി.എസ്.എ/ സ്പെഷ്യൽ ഓഫീസർ, എസ്.റ്റി.ഐ. കഴക്കൂട്ടം/ എസ്.പി.ഐ.യു/ സംഭരണ ഫയൽ (ജി2)

**//ഉത്തരവിൻ പ്രകാരം//**

Preetha S

**സീനിയർ സൂപ്രണ്ട്**

എ)-17.7.14

## APPLICATION FOR SCVT TRADE TEST TO BE HELD IN AUGUST/SEPTEMBER 2014 FOR REGULAR CANDIDATE($2^{ND}$ SEMESTER)

| | | |
|---|---|---|
| 1. | Name of ITI/Private ITI where the trainee has undergone training | |
| 2. | Trade | |
| 3. | Name of Applicant (IN BLOCK LETTERS) (as in SSLC Book) | |
| 4 | Full Address | |
| 5 | Name of Father/ Guardian | |
| 6 | Date of Birth (as in SSLC Book) | |
| 7. | Category (To be indicated with Tick mark) | Gen / SC / ST / OBC |
| 8 | Male/Female. | : |
| 9 | Roll Number ($1^{st}$ Semester) | |
| 10 | Period of Training (if re-admitted Mention period of re-admission and order must be attached) | : From August................................<br>: To July........................................ |

## DECLARATION

I do hereby declare that the information furnished above are true to the best of my knowledge and belief. I do understand that I have only six chances to appear for the test within a period of three years on completion of my training. Also I agree to attend the Trade Test at the centre allotted by the Director of Training and also aware that I should secure 80% of the attendance to appear the Trade Test.

Date: Name & Signature of the Applicant.

## VERIFICATION REPORT

Details of remittance of fees : Chalan No. &

(Chalan in original to be attached with the application).

Date :
Name of Treasury :
Amount :

1. Admission Number with Date, Period of Training (If re- admission, mention the details)
2. Total number of Trainees admitted in the Trade as per admission closing list
3. Serial number of applicant in the admission closing list

I hereby certify that the details furnished by the candidate are correct as per the office records. I declare that the candidate has acquired the required training from an unaffiliated unit and his period of training is found to be true and that he/she is a member of the group of trainees whose admission has been enclosed. I recommended his candidature.

This character of the trainee is........................................

Signature of the Principal

(Office Seal)

N.B.:- The details in Column 1 to 14 of the trainee should be verified by the Principal of Govt/Pvt ITI and then carefully fill the above coloumns 1 to 4. Without the above details the application will be rejected without any notice.

## Directorate Verification

1. Fee remitted :
2. Admission closing list:

**Deputy Director of Training**

അനുബന്ധം—ഒന്ന്

കേരള സർക്കാർ

# ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ്

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്

ജൂലായ് 200........./സപ്ലിമെന്ററി..........200..

അഡ്മിഷൻ ടിക്കറ്റ്

ഐ. ടി. ഐ./ഐ. ടി. സി.യുടെ പേര് ..

ട്രെയിനിയുടെ പേര് ..

മേൽവിലാസം ..

ട്രേഡ് ..

റോൾ നമ്പർ ..

ട്രെയിനിയുടെ ഒപ്പ് ..

**(അഡ്മിഷൻ ടിക്കറ്റ് കൊടുക്കുമ്പോൾ ഇടേണ്ടത്)**

**അഡ്മിഷൻ ടിക്കറ്റ്** കൊടുക്കുന്ന തീയതി ..

**(കൗണ്ടർഫോയിൽ ആഫീസിൽ സൂക്ഷിക്കേണ്ടത്)**

---

കേരള സർക്കാർ

# ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റ്

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്

ജൂലായ് 200........./സപ്ലിമെന്ററി.......200

അഡ്മിഷൻ ടിക്കറ്റ്

ട്രേഡ് :

| റോൾ നമ്പർ | ട്രെയിനിയുടെ പേരും മേൽവിലാസവും | ഐ. ടി. ഐ./ഐ. ടി. സി. യുടെ പേര് | പരീക്ഷാ സെന്റർ * |
|---|---|---|---|
| | | | |

ട്രെയിനിയുടെ ഒപ്പ് :

(പൂരിപ്പിച്ചയയ്ക്കുമ്പോൾ ഇടേണ്ടത്)

ഹാജരാകേണ്ടുന്ന വിഷയങ്ങൾ :

1
2
3
4
5
6
7

ട്രെയിനിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ ഇവിടെ പതിച്ചിരിക്കണം.

(ഫോട്ടോ പതിച്ചതിനുശേഷം (പ്രിൻസിപ്പാൾ ഒപ്പും മുദ്രയും വച്ച് സാക്ഷ്യപ്പെടുത്തണം)

പ്രിൻസിപ്പാളിന്റെ ഒപ്പ് :

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

തീയതി :

---

*ഡയറക്ടർ ഓഫ് ട്രെയിനിംഗ് നിശ്ചയിക്കുന്നതായിരിക്കും പരീക്ഷാ സെന്റർ.

ഐ. റ്റി. ഐ./ഐ. റ്റി. സി. യുടെ മുദ്ര

GCPT.11/431/2001/V/100,000.

[മറുപുറം